പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 863 20-03-2013-ൽ മറുപടിക്ക്

പാലക്കാട് ജില്ലയിലെ ജലനിധി രണ്ടാം ഘട്ട പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഹംസ. | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലനിധി രണ്ടാം ഘട്ട പദ്ധതിയിൽ പാലക്കാട് ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് ഉൾ പ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ജലനിധി രണ്ടാം ഘട്ട പദ്ധതിയുടെ ആദ്യബാച്ചിൽ പാലക്കാട് ജില്ലയിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിനേയും രണ്ടാം ബാച്ചിൽ പല്ലശ്ശന, ലക്കിടി പേരൂർ എന്നീ പഞ്ചായത്തുകളെയും ഉൾ പ്പെടുത്തിയിട്ടുണ്ട്. തുടർന്നുള്ള ബാച്ചുകളിൽ കാടമ്പഴിപ്പുറം, പൂക്കോട്ട്കാവ്, അമ്പലപ്പാറ, മേലാർ കോട്, കണ്ണാടി, തേങ്കര, കൊടുവായൂർ, കേരളശ്ശേരി, തച്ചമ്പാറ, മാങ്കര, പറളി എന്നീ പഞ്ചായത്തുകളുമാണ് പരിഗണനയിലുള്ളത്. |
| (ബി) | ജലനിധി രണ്ടാം ഘട്ട പദ്ധതിയിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെ ഉൾ പ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ലക്കിടി പേരൂർ, കാടമ്പഴിപ്പുറം, പൂക്കോട്ട്കാവ്, അമ്പലപ്പാറ എന്നീ പഞ്ചായത്തുകളെയാണ് ഉൾ പ്പെടുത്തിയിരിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയിൽ ഉൾ പ്പെടുത്താത്ത പഞ്ചായത്തുകളെ കൂടി ഉൾ പ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ: | (സി) | ജലദ ർലഭ്യം, ദാരിദ്ര്യനിലവാരം, പട്ടികവർഗ്ഗ പ്രാതിനിധ്യം തുടങ്ങി ചില മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് പഞ്ചായത്തുകളെ ജലനിധി പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. ഇതിന് വിധേയമായി അപേക്ഷ ലഭിച്ചതനുസരിച്ച് ആകെ 200 |

ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതുകൊണ്ട് ഇതിൽ ഉൾ പ്പെടാത്ത ഗ്രാമപഞ്ചായത്തുകളെ പരിഗണിക്കാനാവില്ല.

(ഡി) ജലനിധി രണ്ടാം ഘട്ട പദ്ധതി നടപ്പിലാക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നാളിതുവരെ സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ?

(ഡി) ജലനിധി രണ്ടാം ഘട്ട പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്ത ആദ്യ ബാച്ച് പഞ്ചായത്തുകളിൽ പദ്ധതി ആസൂത്രണഘട്ടം പിന്നിട്ടിരിക്കുന്നു. ഗുണഭോക്തൃസമിതികൾ രൂപീകരിക്കുകയും ഗുണഭോക്തൃവിഹിതം സമാഹരിച്ച് സമിതികളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തുവരുന്നു. പഞ്ചായത്തുകളേയും ഗുണഭോക്തൃസംഘടനകളേയും സഹായിക്കുന്നതിനായി സംസ്ഥാനതലത്തിലും മേഖലാടിസ്ഥാനത്തിലും പഞ്ചായത്ത് തലത്തിലും ഉള്ള ഉദ്യോഗസ്ഥരെ കൂടാതെ ജലനിധി ഉദ്യോഗസ്ഥരുടെ (ഒരു എൻജിനീയറും അക്കൗണ്ടന്റും) മുഴുവൻ സമയ സേവനവും പദ്ധതി നടത്തിപ്പിൽ പരിചയവുമുള്ള ഒരു സഹായ സംഘടനയേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേരള റൂറൽ വാട്ടർ സാനിട്ടേഷൻ ഏജൻസി മേഖലാ തലത്തിലും സംസ്ഥാന തലത്തിലും പദ്ധതി പുരോഗതി വിലയിരുത്തുകയും സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ സാങ്കേതിക സഹായങ്ങളും നിർദ്ദേശങ്ങളും പരിശീലനങ്ങളും നൽകി വരുന്നു.

സെക്ഷൻ ഓഫീസർ